I ഇ.ബി. XIV - കേരള നിയമസഭ/XVIII-9

# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 ഫെബ്രുവരി 11, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

റീബിൽഡ് കേരള പദ്ധതി

മി. സ്പീക്കർ: 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തെത്തുടർന്ന് പ്രഖ്യാപിച്ച റീബിൽഡ് കേരള പദ്ധതിക്ക് സമഗ്രമായ രൂപരേഖ തയ്യാറാക്കാത്തതും ലോകബാങ്കിൽനിന്നും ഇതിലേയ്ക്കായി ലഭിച്ച സാമ്പത്തിക സഹായം വകമാറി ചെലവഴിച്ചതിനാൽ പ്രളയബാധിത മേഖലയിൽ

ആവശ്യമായ ദുരിതാശ്വാസം നൽകാൻ കഴിയാത്തതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, കെ. സി. ജോസഫ്, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രളയത്തിൽ നാശനഷ്ടം നേരിട്ട ആസ്തികളുടെ പുനരുദ്ധാരണം മാത്രമല്ല പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങളും ഭാവിയിൽ ആവർത്തിക്കപ്പെടാവുന്ന ഏത് പ്രകൃതി ദുരന്തത്തേയും നേരിടുന്ന തരത്തിലുള്ള നൂതനവും സമഗ്രവുമായ പുനർനിർമ്മാണ പദ്ധതിയായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് രൂപം നൽകിയത്. പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണതയിലെത്താൻ മൂന്ന് വർഷത്തിലേറെ വേണ്ടിവരുമെന്നാണ് വിലയിരുത്തുന്നത്. ലോക ബാങ്കിൽനിന്നും അനുവദിച്ചിട്ടുള്ള വായ്പയുടെ ആദ്യഗഡുവായ 1750 കോടി രൂപ ലഭ്യമാകുകയും രണ്ടാംഗഡു ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. ഉന്നതാധികാര സമിതിയുടെ എട്ട് യോഗങ്ങൾ നടന്നതിൽ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ഉപജീവന തൊഴിലുകൾ, റോഡ്, ജലവിതരണം എന്നീ മേഖലകളിലായി

സമർപ്പിക്കപ്പെട്ട പദ്ധതികൾ ഭരണാനുമതി നേടി നിർവ്വഹണഘട്ടത്തിലാണ്. പുനർനിർമ്മിതിക്കായി 1000 കോടി രൂപ 2020-2021 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേരള പുനർനിർമ്മാണ പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ദേശീയവും രാജ്യാന്തര തലത്തിലുള്ളതുമായ ധനകാര്യ ഏജൻസികളിൽനിന്നും സാമ്പത്തിക-സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് വികസനസംഗമം സംഘടിപ്പിച്ചിട്ടുണ്ട്. ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ആവർത്തിക്കപ്പെടാവുന്ന ദുരന്തങ്ങളുടെ കാഠിന്യം കുറയ്ക്കുന്നതിന് പരിസ്ഥിതിയോടിണങ്ങുന്ന തരത്തിലുള്ള ജീവിതശൈലികളും ഫലപ്രദമായ ദുരന്തപ്രതികരണ സംവിധാനവും ചിട്ടപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് സാമൂഹ്യ സന്നദ്ധ സേന രൂപീകരിക്കുന്നതിനും പ്രളയദുരിത ബാധിതർക്ക് ആവശ്യമായ സാമ്പത്തിക സാമൂഹിക സംരക്ഷണ സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഐ.ടി. അധിഷ്ഠിത സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനും നടപടികളാരംഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം ജനങ്ങൾക്ക് തടസ്സരഹിതമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. പി. കെ. ബഷീർ</u>: 09.11.2018-ൽ രൂപം നൽകിയ റീബിൽഡ്

കേരള ഇനിഷ്യേറ്റീവിലൂടെ ഇതുവരെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയോ പ്രളയത്തിന്റെ ഭാഗമായുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സർക്കാരിന് സാധിക്കുകയോ ചെയ്തിട്ടില്ല. കവളപ്പാറയിൽ മലപ്പുറം ജില്ലാകളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ ഹാജരായ 196 ഗുണഭോക്താക്കളോട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും തുക എപ്പോൾ നൽകുമെന്നും പറയാൻ കഴിയില്ലെന്നാണ് അറിയിച്ചത്. പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും ക്ഷീരകർഷകർക്കും നഷ്ടപരിഹാരം നൽകിയിട്ടില്ല. മലപ്പുറം ജില്ലയിൽ പ്രളയബാധിതരായ 14000 പേർക്ക് അടിയന്തര സഹായമായ 10,000 രൂപ നൽകാൻ സാധിച്ചിട്ടില്ല. പത്ത് ജില്ലകളെ ഉൾപ്പെടുത്തി ഗ്രാമീണ റോഡ് പുനർനിർമ്മാണ പദ്ധതിക്ക് രൂപം നൽകിയെങ്കിലും പ്രളയത്തിൽ കനത്ത നാശനഷ്ടം സംഭവിച്ച മലപ്പുറം ജില്ലയെ ഒഴിവാക്കിയ നടപടി ശരിയല്ല. പ്രളയാനന്തരം ലഭ്യമായ തുക യഥാവിധി ചെലവഴിക്കാത്ത സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ജീവനോപാധിയും കൃഷിയും നഷ്ടപ്പെട്ടവർക്ക് നാമമാത്രമായ തുകയാണ് സർക്കാർ നൽകിയത്. പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കാതെ പ്രസ്താവനമാത്രം നടത്തി കേരള സമൂഹത്തെ വഞ്ചിക്കുന്ന സർക്കാർ നടപടി

ഖേദകരമാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ മൂന്ന് വർഷംകൊണ്ട് മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച തുക ശരിയായ വിധത്തിൽ ചെലവഴിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തോടനുബന്ധിച്ച് ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച തുകയിൽ 2630.68 കോടി രൂപ ചെലവഴിക്കുകയും മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനും ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും തുക നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 98 ശതമാനം പി.ഡബ്ല്യു.ഡി. റോഡുകളും ഗതാഗതയോഗ്യമാക്കുകയും ബാക്കിയുള്ളവ വിവിധ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. ആർ.കെ.ഐ.-ൽ 31 റോഡുകളുടെ ഡിപി.ആർ. തയ്യാറാക്കൽ നടപടികൾ പുരോഗതിയിലാണ്. ലോകബാങ്കിൽനിന്ന് ലഭിച്ച വായ്പാതുക വിവിധ വകുപ്പുകൾക്കായി നീക്കിവയ്ക്കുകയും ആവശ്യമായി വരുന്ന ഘട്ടത്തിൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. പ്രളയത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ടവരുടെ പട്ടിക തയ്യാറാക്കാൻ

ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്രീകൃത സംവിധാനം സജ്ജമാക്കുകയും ക്യാമ്പുകളിലും ബന്ധുവീടുകളിലും താമസിച്ച വ്യക്തികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് തുക നേരിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ പൂർണ്ണമായി തകർന്ന 18389 വീടുകളിൽ 10151 വീടുകൾ പുനർനിർമ്മിക്കുകയും കൃഷിനാശവുമായി ബന്ധപ്പെട്ട് 371897 കർഷകർക്ക് സഹായം നൽകുകയും ചെയ്തു. വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ഉജ്ജീവന വായ്പാ പദ്ധതിക്ക് 3 കോടി 80 ലക്ഷം രൂപ 2018-ൽ നൽകിയിട്ടുണ്ട്. 2019 നവംബർ മാസം വരെ 201 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രളയദുരന്തത്തിൽ നാശനഷ്ടമുണ്ടായ കണ്ണൂർ, മലപ്പുറം ജില്ലകളിലെ വ്യാപാര സ്ഥാപനങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്. പ്രളയദുരിതം നേരിട്ട ജില്ലകൾക്കെല്ലാം തുല്യ പരിഗണനയാണ് നൽകിയിട്ടുള്ളത്. നവകേരള നിർമ്മിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം.കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

(1) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കൽ

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): കേരളത്തിലെ വികസനത്തെയും തൊഴിൽ സാധ്യതകളെയും ഇല്ലാതാക്കി പൊതുമേഖലാ സ്ഥാപനങ്ങളെ വ്യാപകമായി വിറ്റഴിക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. തൊഴിൽ സുരക്ഷിതത്വവും സമ്പദ്ഘടനയും തകിടംമറിക്കുന്ന സമീപനത്തിൽനിന്നും കേന്ദ്ര സർക്കാരിനെ പിന്തിരിപ്പിക്കാനും പൊതുപ്രമേയം അവതരിപ്പിച്ച് കേന്ദ്രത്തോടുള്ള പ്രതിഷേധം രേഖപ്പെടുത്താനും തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): രാജ്യത്തിന്റെ ഭാവിക്കും

വികസനത്തിനും തടസ്സം സൃഷ്ടിക്കുന്ന ഇത്തരം നയങ്ങൾ തിരുത്തുന്നതിനുള്ള ഇടപെടൽ നടത്തേണ്ടതാണ്. (വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(2) വൃക്കരോഗികൾക്ക് ആനുകൂല്യം

ശ്രീ. റോജി എം. ജോൺ: കേരളത്തിൽ വൃക്കരോഗികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനും സൗജന്യ ഡയാലിസിസും ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): വൃക്കരോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്ന ആദ്യവർഷംതന്നെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 41 ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുകയും 10 മെഷീനുകൾവീതം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ എം.എൽ.എ. ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് പുതിയ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുകയും "സമാശ്വാസം പദ്ധതി" നടപ്പിലാക്കുകയും 26 കോടി 98 ലക്ഷം രൂപ അതിനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അംഗപരിമിതരുടെ വിഭാഗത്തിൽപ്പെടാത്തതിനാൽ വൃക്കരോഗികൾക്ക് പെൻഷൻ നൽകാൻ

സാധിക്കുകയില്ല.

## III സബ്മിഷൻ

### (1) ഖാദി മേഖലയിലെ പ്രശ്നങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഖാദി തൊഴിലാളികളുടെ റിബേറ്റ് കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): വിൽപ്പനയെ പ്രോത്സാഹിപ്പിച്ചും ഉൽപ്പാദനം വർദ്ധിപ്പിച്ചും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരമാവധി സംരക്ഷിച്ചും ഖാദി മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. റിബേറ്റ് കുടിശ്ശികയിനത്തിൽ കൊടുത്തുതീർക്കാനുള്ള 44 കോടി രൂപയിൽ 10 കോടി രൂപ കഴിഞ്ഞ മാസം ഖാദി ബോർഡിന് കൈമാറുകയും അതിൽ 8 കോടി രൂപ ഖാദി സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തുക നൽകുന്നതിനുള്ള ശ്രമം നടത്തിവരികയാണ്.

### (2) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരുടെ ശമ്പള വിതരണം

ശ്രീ. കെ. എസ്. ശബരീനാഥൻ: സംസ്ഥാന ഇക്കണോമിക്സ് ആന്റ്

സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ കേന്ദ്രാവിഷ്കൃത പദ്ധതികളിലുള്ള ജീവനക്കാർക്ക് ശമ്പള വിതരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ആശങ്കയകറ്റുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രസ്തുത വിഷയം ഗൗരവമായി പരിഗണിക്കുന്നതാണ്.

## (3) സാമ്പത്തിക സംവരണം

ശ്രീ. റോജി എം. ജോൺ: മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് മുൻകാല പ്രാബല്യത്തോടെ സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം നൽകുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതിനായി നിയോഗിച്ച കെ. ശശിധരൻ നായർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്മേൽ 03-01-2020-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പി.എസ്.സി.-യുമായി ആലോചിച്ച് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(4) ജലവിതരണ പദ്ധതികൾക്കുള്ള ഫണ്ട്

ശ്രീ. രാജു എബ്രഹാം: സൗജന്യ കുടിവെള്ള വിതരണത്തിനും ജലസ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിനും വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): വരൾച്ച സമയത്ത് കുടിവെള്ള വിതരണത്തിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയാണ് നടത്തിവരുന്നത്. ദുരന്ത പ്രതികരണ നിധിയിൽനിന്നും ജില്ലകൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ കേന്ദ്ര നിർദ്ദേശം തടസ്സമായിരിക്കുന്ന സാഹചര്യത്തിലും കുടിവെള്ളം വിതരണം ചെയ്യാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോകുന്നതാണ്.

(5) ഭൂമിയുടെ ന്യായവില പുനർനിർണ്ണയം

ശ്രീമതി സി. കെ. ആശ: വെച്ചൂർ വില്ലേജിലെ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): നെൽവയൽ നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുകയെന്ന ഉദ്ദേശ്യത്തോടെ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിരീക്ഷണത്തിന്റെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ

ഉപകാറ്റഗറികൾകൂടി പരിഗണിച്ച് സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിർണ്ണയിക്കുന്നതിനുള്ള പുതിയ സംവിധാനം ഏർപ്പെടുത്തുകയാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്നതോടെ വെച്ചൂർ പ്രദേശത്തെ ഭൂമിയുടെ ന്യായവില നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാൻ കഴിയുന്നതാണ്.

## (6) തസ്തികകളുടെ തുടർച്ചാനുമതി

ശ്രീ. സി. ദിവാകരൻ: സംസ്ഥാനത്തെ ലാന്റ് അക്വിസിഷൻ ഓഫീസുകളിലെ തുടർച്ചാനുമതി അവസാനിച്ച തസ്തികകൾക്ക് അനുമതി പുതുക്കിനൽകുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ലാന്റ് അക്വിസിഷൻ ഓഫീസുകളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായാലുടൻ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (7) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. ആൻസലൻ: നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): എം.എൽ.എ./ജില്ലാ പഞ്ചായത്ത് ഫണ്ടുകളുപയോഗിച്ച് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ പ്രവർത്തനത്തിൽ ഗണ്യമായ മാറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ ബുദ്ധിമുട്ടുണ്ട്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ബ്ലഡ് ബാങ്ക് അടിയന്തരമായി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(8) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റും കാരുണ്യ ഫാർമസിയും ആരംഭിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനും നടപടി

സ്വീകരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെട്ട സാഹചര്യത്തിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കാരുണ്യ ഫാർമസി ആരംഭിക്കുന്ന  കാര്യം പിന്നീട് പരിഗണിക്കുന്നതാണ്.

(9) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. വി. ജോയി: വർക്കലയിലെ ഇടവ, പുന്നമൂട് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ച ഇടവ റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതാണ്. റെയിൽവേയുടെ നിർദ്ദേശമനുസരിച്ച് അലൈൻമെന്റ് പുതുക്കി സമർപ്പിച്ച പുന്നമൂട് റെയിൽവേ മേൽപ്പാല നിർമ്മാണപദ്ധതിയുടെ ഡി.പി.ആർ. രണ്ടാഴ്ചയ്ക്കുള്ളിൽ കിഫ്ബിയുടെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

(10) ചേളാരി സ്കൂൾ കെട്ടിട നിർമ്മാണം

ശ്രീ. അബ്ദുൽ ഹമീദ് പി.:  ചേളാരി ഗവൺമെന്റ് വൊക്കേഷണൽ

ഹയർ സെക്കൻഡറി സ്കൂളിലെ മുടങ്ങിക്കിടക്കുന്ന കെട്ടിട നിർമ്മാണം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കെട്ടിട നിർമ്മാണം മുടങ്ങിക്കിടക്കുന്നതുസംബന്ധിച്ച് പരിശോധിക്കുന്നതിനായി നിയോഗിച്ച ഉദ്യോഗസ്ഥ സംഘം സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## IV റിപ്പോർട്ടുകളുടെ സമർപ്പണം

1. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V ധനകാര്യം

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച

ശ്രീ. കെ. സുരേഷ് കുറുപ്പ്: ബജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ചുള്ളതും സാധാരണക്കാരന് കരുതലും സമസ്ത

മേഖലകളിലും വികസനവും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുതകുന്ന ബജറ്റാണിത്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാനും കിഫ്ബി പദ്ധതികൾക്ക് കൂടുതൽ തുക വകയിരുത്താനും സാധിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക വകയിരുത്തിയതും ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകൾക്ക് പുതിയ പാക്കേജുകൾ പ്രഖ്യാപിച്ചതും സ്ത്രീശാക്തീകരണത്തിനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: ബജറ്റിനെ എതിർക്കുന്നു. അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയ സർക്കാർ പരസ്യ പ്രചരണങ്ങൾക്കും മറ്റുമാണ് ഖജനാവിലെ തുക വിനിയോഗിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകപോലും യഥാസമയം നൽകാത്ത സർക്കാർ പുതിയ പദ്ധതികൾ പ്രഖ്യാപിച്ചും പൊള്ളയായ വാഗ്ദാനങ്ങൾ നൽകിയും ജനങ്ങളെ കബളിപ്പിക്കുകയാണ്. റബ്ബർ കർഷകർക്ക് സബ്സിഡി ലഭ്യമാക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും അൻപതിനായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും

ജി.ഡി.പി.-വ്യവസായ വളർച്ചാ നിരക്കുകൾ വർദ്ധിപ്പിക്കാനും കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. പ്രവാസി ക്ഷേമത്തിനുള്ള അടങ്കൽത്തുക 90 കോടി രൂപയായി ഉയർത്തിയതും പ്രവാസി ചിട്ടി ആരംഭിച്ചതും വിശപ്പുരഹിത പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ മുഖേന 25 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകാൻ തീരുമാനിച്ചതും ക്ഷേമപെൻഷനുകളും ആശാ വർക്കർമാരുടെ ഓണറേറിയവും വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. കിഫ്ബി പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രവർത്തന കലണ്ടർ തയ്യാറാക്കി സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: ബജറ്റിനെ എതിർക്കുന്നു. നികുതി പിരിവിലും വിഭവ സമാഹരണത്തിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സംസ്ഥാന കടവും റവന്യൂ കമ്മിയും ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. അനുവദിച്ച തുക നൽകാത്തതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. ട്രഷറി നിയന്ത്രണംമൂലം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. തീരദേശനിയമം പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ സർക്കാർ ഏറ്റെടുക്കാൻ തയ്യാറാകണം.

<u>ശ്രീ. പി. കെ. ശശി</u>: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം മുൻനിർത്തി മാതൃകാപരമായ ഒട്ടേറെ പദ്ധതികളാണ് ബജറ്റിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. കിഫ്ബി വഴി നിരവധി പദ്ധതികൾക്ക് ധനസഹായം നൽകാനുള്ള നടപടി സ്വീകരിച്ചു. കുപ്പിവെള്ളത്തിന് സെസ്സ് ഏർപ്പെടുത്തുന്നതിനും ക്രഷുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മതിയായ വേതനം നൽകുന്നതിനും നടപടിയുണ്ടാകണം. പ്രവാസിക്ഷേമത്തിനായി 90 കോടി രൂപ വകയിരുത്തിയത് സ്വാഗതാർഹമാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: ബജറ്റിനെ എതിർക്കുന്നു. കേരളത്തിൽ തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുകയാണ്. ലോട്ടറിയുടെ വില വർദ്ധിപ്പിച്ചതിലൂടെ ലോട്ടറി കച്ചവടക്കാർ വഴിയാധാരമായി. ബജറ്റിൽ പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 193 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 60 കോടി രൂപയും ജയിൽ നവീകരണത്തിന് 16 കോടി രൂപയും വകയിരുത്തിയിരിക്കുകയാണ്. പോലീസ് വകുപ്പിന് വകയിരുത്തുന്ന പണം എന്ത് ചെയ്യുന്നുവെന്ന് അന്വേഷിക്കണം. മാവോയിസ്റ്റ് ഭീഷണി നേരിടുന്ന മേഖലയിൽ തണ്ടർബോൾട്ട് അടക്കമുള്ളവർക്ക് ക്വാർട്ടേഴ്സ് പണിയാനുള്ള പണം ഡി.ജി.പി. ലോക്നാഥ് ബെഹ്റ

വകമാറ്റിയിരിക്കുകയാണ്. മാവോയിസ്റ്റ് ഭീഷണി നേരിടാൻ കേന്ദ്രം നൽകിയ പണത്തെക്കുറിച്ചും സമഗ്രമായ അന്വേഷണം വേണം. തിരുവനന്തപുരം ഭക്തവിലാസം പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ നോക്കുകുത്തിയാക്കിക്കൊണ്ട് നടക്കുന്ന നിർമ്മാണം സംബന്ധിച്ചും പോലീസ് നവീകരണത്തിന്റെ പേരിൽ കേരളത്തിൽ നടക്കുകയും നടന്നിട്ടുള്ളതുമായ നിർമ്മാണം, പർച്ചേസ് ഇവ സംബന്ധിച്ചും അന്വേഷിക്കണം. ലോക്നാഥ് ബെഹ്റ ഡി.ജി.പി. ആയതിനുശേഷം സ്റ്റോർ പർച്ചേസ് മാന്വലിന് വിരുദ്ധമായി പോലീസിനുവേണ്ടി കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ക്യാമറകൾ, വാഹനങ്ങൾ തുടങ്ങിയവ വാങ്ങിയതിലുള്ള അഴിമതിയും അന്വേഷിക്കണം. വാഹനങ്ങളിൽ ഘടിപ്പിക്കാനുള്ള ലാപ്ടോപ്പുകൾ വാങ്ങിയത് കെൽട്രോണിനെ മറയാക്കിക്കൊണ്ടാണ്. CIMS (Central Intrusion Monitoring System) എന്ന പേരിൽ വീടുകളിൽ ക്യാമറ വയ്ക്കാനുള്ള പദ്ധതിയിൽ 1000 പേരെ വീതം ഉടൻ കണ്ടുപിടിക്കാൻ എസ്.പി.-മാർക്ക് ടാർജറ്റ് കൊടുത്തിരിക്കുകയാണ്. ഇതിന്റെയൊക്കെ മറവിൽ നടക്കുന്ന വ്യാപകമായ അഴിമതിയും ക്രമക്കേടും അന്വേഷിക്കണം. കെമിക്കൽ എക്സാമിനേഷൻ ലാബുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ

നോക്കുകുത്തിയാക്കിക്കൊണ്ട് വഴിവിട്ട നിയമനം നടത്തുകയാണ്. പോലീസുകാർപോലും പ്രതിയായിട്ടുള്ള കേസ്സുകളുടെ പരിശോധന നടത്തുന്ന കെമിക്കൽ എക്സാമിനേഷൻ ലാബുകളിൽ 25 പോലീസുകാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിട്ടുകൊടുത്തിരിക്കുകയാണ്. തങ്ങൾക്ക് താൽപ്പര്യമുള്ള കേസ്സുകളുടെ തൊണ്ടിമുതലുകൾ തെളിവില്ലാതെ എഴുതിത്തള്ളാനാണ് ഈ താൽക്കാലിക നിയമനം. കള്ള്, കഞ്ചാവ്, പുകയില, സാക്രിൻ, ആനമയക്കി തുടങ്ങി പല ഗുരുതരമായ മയക്കുമരുന്ന് കേസ്സുകളുടെയും പരിശോധന ഈ താൽക്കാലിക ജീവനക്കാരെക്കൊണ്ട് നിർവ്വഹിപ്പിക്കാൻ പോകുകയാണ്. കൊലപാതക കേസ്സുകളിലെ തൊണ്ടിമുതൽ അട്ടിമറിക്കാനുള്ള ശ്രമവുമുണ്ട്. ഇത്തരത്തിൽ കേരളാ പോലീസ് അഴിമതിയുടെ പിടിയിൽ അകപ്പെട്ടിരിക്കുകയാണ്. ഇതിനെപ്പറ്റിയൊക്കെ സി.ബി.ഐ.യെക്കൊണ്ട് ശക്തമായ അന്വേഷണം നടത്തണം.

ശ്രീ. അനൂപ് ജേക്കബ്: ബജറ്റിനെ എതിർക്കുന്നു. കാർഷിക മേഖലയെ പൂർണ്ണമായി അവഗണിച്ചതും ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ചതും പോക്കുവരവ് ഫീസ് വർദ്ധിപ്പിച്ചതും സ്കൂൾ ബസുകൾക്ക് സീറ്റിനാനുപാതികമായി നികുതി വർദ്ധിപ്പിച്ചതും റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കാത്തതും പുന:പരിശോധിക്കണം. നികുതി കുടിശ്ശിക

പിരിച്ചെടുക്കുന്നതിലും കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിലും സർക്കാർ പൂർണ്ണപരാജയമാണ്. എം.എൽ.എ.മാർ നിർദ്ദേശിച്ചിരുന്നതും ടോക്കൺ പ്രൊവിഷൻ വച്ചിട്ടുള്ളതുമായ വർക്കുകൾക്ക് ഭരണാനുമതി നൽകാനും ആർ.ഒ.ബി.-കൾക്ക് അപ്രോച്ച് റോഡ് നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. മുരളി പെരുനെല്ലി: ബജറ്റിനെ അനുകൂലിക്കുന്നു. നെൽകൃഷി വ്യാപനം, പച്ചക്കറി പ്രോത്സാഹന പദ്ധതി, ജലസേചനം എന്നിവയ്ക്ക് തുക വകയിരുത്തിയ നടപടി സ്വാഗതാർഹമാണ്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച സർക്കാർ നടപടിയെ അഭിനന്ദിക്കുന്നു. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: ബജറ്റിനെ എതിർക്കുന്നു. ലൊക്കേഷൻ മാപ്പിന് 200 രൂപ ഫീസ് ഏർപ്പെടുത്തിയതിലൂടെ സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എം.എൽ.എ.-മാർ നിർദ്ദേശിച്ച വർക്കുകളിൽ മുൻഗണനാക്രമം പരിഗണിക്കാതെ തുക വകയിരുത്തിയതിലൂടെ ബജറ്റിൽ ബാഹ്യശക്തികളുടെ ഇടപെടൽ ഉണ്ടെന്നുള്ളതാണ് വ്യക്തമാക്കുന്നത്. തലസ്ഥാന നഗരിയുടെ വികസന

പ്രവർത്തനങ്ങൾക്ക് തുക വകയിരുത്താനോ പ്രവാസി ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കാനോ സാധിച്ചിട്ടില്ല. മലപ്പുറം ജില്ലയിലെ മെഡിക്കൽ കോളേജ്, കുടിവെള്ള പ്രശ്ന പരിഹാരം എന്നിവയ്ക്ക് തുക വകയിരുത്താത്ത നടപടി ജില്ലയോടുള്ള അവഗണനയാണ് വ്യക്തമാക്കുന്നത്.

ശ്രീ. റോജി എം. ജോൺ: ബജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധം ഉൾക്കൊള്ളാൻ കഴിയാത്തതും പ്രതിപക്ഷത്തെ പൂർണ്ണമായും അവഗണിക്കുകയും ചെയ്ത ബജറ്റാണിത്. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കാത്തതിനാൽ മരാമത്ത് പ്രവൃത്തികൾ മുടങ്ങിയിരിക്കുകയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: ബജറ്റിനെ അനുകൂലിക്കുന്നു. കർഷകർക്കുള്ള റോയൽറ്റി പ്രഖ്യാപനവും കാസർഗോഡ് പാക്കേജ്, എൻഡോസൾഫാൻ ദുരിതബാധിതർക്ക് പെൻഷൻ, ബേക്കൽ എയർ സ്ട്രിപ്, കാഞ്ഞങ്ങാട് അണ്ടർ പാസ്സേജ്, മഞ്ചേശ്വരം-കാസർഗോഡ്-ഉദുമ ഹിൽ ഹൈവേ, വെള്ളരിക്കുണ്ട് താലൂക്ക് ആസ്ഥാന മന്ദിര നിർമ്മാണം തുടങ്ങിയവയ്ക്ക് തുക വകയിരുത്തിയ നടപടിയും സ്വാഗതാർഹമാണ്. ഉദുമയിൽ 110 കെ.വി. സബ്സ്റ്റേഷന് ഭരണാനുമതി നൽകിയ സർക്കാരിനെ അഭിനന്ദിക്കുന്നു. അടയ്ക്ക കർഷകർക്ക് അനുവദിച്ചിട്ടുള്ള ഫണ്ട് വർദ്ധിപ്പിക്കണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: ബജറ്റിനെ എതിർക്കുന്നു. വാട്ടർഷെഡ് മാനേജ്മെന്റ് ഫലപ്രദമാക്കാനായി ഡോ. മുരളി തുമ്മാരുകുടിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും കോണ്ടൂർ രീതിയിൽ രാമച്ചം വച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുന്നതിനും മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഇടുക്കി, വയനാട് ജില്ലകളിൽ വാട്ടർഷെഡ് മാനേജ്മെന്റ് നടപ്പിലാക്കാൻ 5,000 കോടി രൂപ അനുവദിക്കണം. 8 ലൈൻ എക്സ്പ്രസ് ഹൈവേ സ്ഥാപിക്കുന്നതിനും ദേശീയ ജലപാത, തോട്ടപ്പള്ളി സ്പിൽവേ എന്നിവ പൂർത്തീകരിക്കുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. മത്സ്യമേഖലയിൽ ഹാർബറുകളും ഫിഷ് മാർക്കറ്റുകളും സ്ഥാപിച്ചതും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീടുകൾ നിർമ്മിച്ചതും കശുവണ്ടി തൊഴിലാളികൾക്കുള്ള പെൻഷൻ-ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകിയതും കശുവണ്ടി കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും നവീകരണത്തിന് തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. ആശാവർക്കർമാരുടെ ഓണറേറിയവും സ്കൂൾ പാചകത്തൊഴിലാളികളുടെ കൂലിയും വർദ്ധിപ്പിച്ചതും ആരോഗ്യ മേഖലയിൽ അധിക തസ്തികകൾ സൃഷ്ടിച്ചതും ഹൈടെക്

നിലവാരത്തിലുള്ള സ്കൂളുകൾ സ്ഥാപിച്ചതും പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതും ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. 5 വർഷത്തെ കെട്ടിട-ഭൂനികുതി ഒരുമിച്ച് അടയ്ക്കാനുള്ള സംവിധാനമൊരുക്കുകയും ശാസ്താംകോട്ട ശുദ്ധജല തടാകം സംരക്ഷിക്കുന്നതിന് 10 കോടി രൂപ അനുവദിക്കുകയും ചെയ്യണം.

ശ്രീ. ഒ. രാജഗോപാൽ: നേമം നിയോജകമണ്ഡലത്തോടുള്ള സർക്കാരിന്റെ ശത്രുതാ മനോഭാവത്തിന്റെ ഫലമായി അംഗീകാരം ലഭിച്ച പദ്ധതികളും എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള ചെറിയ പ്രവൃത്തികളും ആരംഭിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. നേമം നിയോജകമണ്ഡലത്തിലെ ആയുർവേദാശുപത്രിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ആറ്റുകാൽ ഉത്സവത്തോടനുബന്ധിച്ച് ക്ഷേത്രത്തിലെത്തുന്നവർക്ക് അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിനും സർക്കാർ മുൻകയ്യെടുക്കണം.

ശ്രീ. ആന്റണി ജോൺ: ബജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖലയിലും വികസനമെത്തിക്കുകയെന്ന ലക്ഷ്യത്തോടെ ജനോപകാരപ്രദവും ജനക്ഷേമകരവുമായ ബജറ്റ് അവതരിപ്പിച്ച കേരള സർക്കാർ അഭിനന്ദനമർഹിക്കുന്നു. നികുതി വിഹിതം വെട്ടിക്കുറച്ചതിലൂടെ കേരളത്തെ

സാമ്പത്തികമായി തകർക്കുകയെന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്നത്. ക്ഷേമപെൻഷൻ തുക വർദ്ധിപ്പിക്കുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, ആർദ്രം, ഹരിത കേരളം മിഷൻ എന്നിവ ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ മാതൃകാപരമായ ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. കിണറുകൾ, പുഴകൾ, തോടുകൾ തുടങ്ങിയവ നവീകരിക്കുന്നതിന് തുക വകയിരുത്തുകയും വ്യവസായ വികസനം, പശ്ചാത്തല സൗകര്യം എന്നിവയ്ക്ക് ധാരാളം പദ്ധതികൾ പ്രഖ്യാപിക്കുകയും കയർ, കശുവണ്ടി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നെൽക്കർഷകർക്ക് റോയൽറ്റി പ്രഖ്യാപിച്ചതും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 40 കോടി രൂപ വകയിരുത്തിയതും പ്രവാസിക്ഷേമത്തിനുവേണ്ടി 90 കോടി രൂപ നീക്കിവച്ചതും വയനാട്, കുട്ടനാട്, ഇടുക്കി ജില്ലകൾക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചതും അഭിനന്ദനാർഹമാണ്. കൊച്ചി മെട്രോ എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലയിലേയ്ക്കുകൂടി ദീർഘിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: ബജറ്റിനെ എതിർക്കുന്നു.

അർദ്ധസത്യങ്ങളുള്ള, വിശ്വാസ്യത നഷ്ടപ്പെട്ട ബജറ്റാണിവിടെ അവതരിപ്പിച്ചിട്ടുള്ളത്. ചെലവ് ചുരുക്കലിന്റെ ഭാഗമായി പുതിയതായി വാഹനങ്ങൾ വാങ്ങില്ലെന്ന് ബജറ്റിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഉപധനാഭ്യർത്ഥനയിലൂടെ എട്ട് വാഹനങ്ങൾ വാങ്ങാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച വിഴിഞ്ഞം പദ്ധതിയും കരമന-കളിയിക്കാവിള റോഡ് നിർമ്മാണവും ഇതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. തിരുവനന്തപുരം നഗര വികസനത്തിനുള്ള പാക്കേജ് ബജറ്റിലുൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ഡി. കെ. മുരളി</u>: ബജറ്റിനെ അനുകൂലിക്കുന്നു. ക്ഷേമപെൻഷൻ തുകയും പാചകത്തൊഴിലാളികളുടെ ദിവസക്കൂലിയും ആശാവർക്കർമാർക്ക് 500 രൂപ ഇൻസെന്റീവും വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. കാട്ടാക്കട നിയോജകമണ്ഡലത്തിന് 100 കോടി രൂപയുടെ സമഗ്രവികസന പദ്ധതി ആവിഷ്കരിക്കുമെന്നും ലൈഫ് പദ്ധതിയിലൂടെ ഒരു ലക്ഷം പേർക്കുകൂടി വീട് നിർമ്മിച്ചു നൽകുമെന്നും കൂട്ടുതലാളുകൾക്ക് വാട്ടർ കണക്ഷൻ

നൽകുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്.

ശ്രീ. എൽദോ എബ്രഹാം: ബജറ്റിനെ അനുകൂലിക്കുന്നു. പുതുതലമുറയ്ക്ക് പ്രതീക്ഷയുടെ വെളിച്ചം പകർന്നുനൽകുന്ന ബജറ്റാണിത്. മാതൃ-ശിശു മരണ നിരക്ക് കുറച്ചതും ഹൃദ്യം പദ്ധതി, കാത്ത് ലാബുകൾ, ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങിയവ ആരംഭിച്ചതും ദേശീയ ആരോഗ്യ സൂചികയിൽ കേരളത്തിന് ഒന്നാം സ്ഥാനത്തെത്താൻ സാധിച്ചതും ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടമാണ്. കാർഷിക മേഖലയുടെ പുരോഗതിക്കുവേണ്ടി ധാരാളം പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാരിന് സാധിച്ചു. പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നൂതന പദ്ധതികൾ നടപ്പിലാക്കി. വാഴക്കുളം പൈനാപ്പിൾ സംസ്കരണ കേന്ദ്രത്തിന് ബജറ്റിൽ 3 കോടി രൂപ വകയിരുത്തിയ നടപടി ശ്ലാഘനീയമാണ്. പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിനും പൊതുമരാമത്ത് വകുപ്പിനെ അഴിമതിരഹിതമാക്കുന്നതിനും സ്വീകരിച്ച നടപടി പ്രശംസനീയമാണ്. കക്ഷി രാഷ്ട്രീയ ഭേദമെന്യേ എല്ലാ നിയോജകമണ്ഡലങ്ങളിലും കിഫ്ബി വഴി തുക കൃത്യമായി വിതരണം ചെയ്യാൻ സർക്കാരിന് സാധിച്ചു. ക്ഷേമപ്രവർത്തനങ്ങൾക്ക് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. ഇരുപത്തിയഞ്ച് രൂപയ്ക്ക് കുടുംബശ്രീ മുഖേന ഊണ് നൽകുന്ന ആയിരം

കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന ബജറ്റ് പ്രഖ്യാപനം സർക്കാരിന്റെ ജനകീയ മുഖമാണ് പ്രകടമാക്കുന്നത്. പൊതുമേഖലയെ സംരക്ഷിക്കാനുള്ള നടപടിയും കെ.എസ്.ആർ.ടി.സി.ക്ക് പ്രത്യേക ധനസഹായമായി 1000 കോടി രൂപ അനുവദിച്ചതും പ്രശംസനീയമാണ്. കെ.എസ്.ആർ.ടി.സി.-യിലെ ഉദ്യോഗസ്ഥതലത്തിലുള്ള പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. വി. വിജയദാസ്</u>: ബജറ്റിനെ അനുകൂലിക്കുന്നു. കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളിലും കിഫ്ബിയിലൂടെ വികസന പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുകയും പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് രണ്ടര ലക്ഷം വീടുകൾ പുതുതായി നിർമ്മിക്കുകയും ചെയ്തു. പ്രകടനപത്രികയിലെ ബഹുഭൂരിപക്ഷം വാഗ്ദാനങ്ങളും യാഥാർത്ഥ്യമാക്കാനും കേരളത്തെ കിഫ്ബിയിലൂടെ വികസന കുതിപ്പിലേയ്ക്ക് കൈപിടിച്ചുയർത്താനും സാധിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്.

<u>ശ്രീ. സി. മമ്മൂട്ടി</u>: ബജറ്റിനെ എതിർക്കുന്നു. ബദൽ സംവിധാനം ശക്തിപ്പെടുത്തിക്കൊണ്ട് സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്

നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിന്റെ സംസ്ഥാനത്തോടുള്ള അവഗണന പ്രതിഷേധാർഹമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകിയ വെട്ടം-തലക്കാട് കുടിവെള്ള പദ്ധതി പുനരാരംഭിക്കാനും തിരൂർ ടൗണിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കാനും 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് അവതരിപ്പിച്ചിരിക്കുന്ന ബജറ്റിലെ അപാകതകൾ പരിഹരിച്ച് അവഗണിക്കപ്പെട്ട മേഖലകളെ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ആർ. രാജേഷ്</u>: ബജറ്റിനെ അനുകൂലിക്കുന്നു. സമൂഹത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന ബദൽ ബജറ്റാണിത്. സംസ്ഥാനത്തോടുള്ള കേന്ദ്ര അവഗണനയ്ക്കെതിരെ പ്രതികരിക്കാത്ത കോൺഗ്രസ് നിലപാട് അപലപനീയമാണ്. പശ്ചാത്തല സൗകര്യവികസനത്തിനും ജനക്ഷേമ പദ്ധതികൾക്കും പൊതു വിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യ പദ്ധതികൾക്കും ഊന്നൽ നൽകുന്ന ധാരാളം പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ട്. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കാനും 13 ലക്ഷം ആളുകളെ പദ്ധതിയുടെ ഭാഗമാക്കാനും സാധിച്ചു. സംസ്ഥാനത്തെ 44500 ക്ലാസ് മുറികളും വില്ലേജ്/രജിസ്ട്രാർ ഓഫീസുകളും സ്മാർട്ടാക്കാനും പൊതുസ്ഥലങ്ങളിൽ സ്ത്രീ സൗഹൃദ വിശ്രമകേന്ദ്രങ്ങൾ

സ്ഥാപിക്കാനും നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റാനുമുള്ള സർക്കാർ സമീപനം സ്വാഗതാർഹമാണ്. സ്കൂളുകളുടെ നവീകരണത്തിന് 19,130 കോടി രൂപ നീക്കിവയ്ക്കാനും 57 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനും പൊതുവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനും ഉന്നതവിദ്യാഭ്യാസ രംഗത്ത് ആയിരത്തിലേറെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിൽ പി.എച്ച്.സി.കൾ സി.എച്ച്.സി.കളാക്കാനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഡയാലിസിസ് സെന്ററുകളും കാത്ത് ലാബുകളും ആരംഭിക്കാനും ആരോഗ്യരംഗത്ത് ഉയർന്നുവരുന്ന വെല്ലുവിളികൾ ശക്തമായി പ്രതിരോധിക്കാനും സർക്കാരിന് കഴിഞ്ഞു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംസ്ഥാനത്തെ മുന്നോട്ടുനയിക്കാനുള്ള സർക്കാർ നിലപാട് അഭിനന്ദനാർഹമാണ്.

ശ്രീ. എ. പി. അനിൽ കുമാർ: ബജറ്റിനെ എതിർക്കുന്നു. ഓരോ വർഷവും റവന്യൂ ഡെഫിസിറ്റ് വൻതോതിൽ വർദ്ധിക്കുന്നുയെന്ന് മാത്രമല്ല യഥാസമയം നികുതി പിരിച്ചെടുക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. മൂലധനച്ചെലവ് സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. റോഡ്

നവീകരണ പ്രവർത്തനങ്ങളിൽ കൃത്യതയും വ്യക്തതയുമുണ്ടാകണം. ബജറ്റ് നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കണം. പ്രഖ്യാപിച്ച പദ്ധതികളിൽ പ്രാവർത്തികമാക്കിയവ സംബന്ധിച്ച് വിലയിരുത്തപ്പെടണം.

ശ്രീ. എം. സ്വരാജ്: ബജറ്റിനെ അനുകൂലിക്കുന്നു. പ്രകൃതി സംരക്ഷണത്തിന് മുൻതൂക്കം നൽകിയ നടപടി ശ്രദ്ധേയമാണ്. നെൽകൃഷിയുടെ വിസ്തൃതി 2.2 ലക്ഷം ഹെക്ടറിലെത്തിക്കാനും പച്ചക്കറി കൃഷി വർദ്ധിപ്പിക്കാനും സാധിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്. ലൈഫ് പദ്ധതിയുടെ ഭാഗമായി 2.5 ലക്ഷം വീടുകളും പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി 51926 വീടുകളും പൂർത്തിയാക്കാൻ സാധിച്ചു. ആരോഗ്യ മേഖലയിൽ 10 കുടുംബാരോഗ്യ കേന്ദ്രങ്ങളെ രാജ്യത്തെ മികച്ച കേന്ദ്രങ്ങളാക്കി മാറ്റിയതും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ സാധിച്ചതും പ്രവാസി ക്ഷേമനിധിയിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതും സർക്കാരിന്റെ മികച്ച പ്രവർത്തനങ്ങളുടെ ഉത്തമോദാഹരണങ്ങളാണ്. മാവേലി സ്റ്റോറുകളിലെ 14 ഇന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലെന്ന പ്രകടനപത്രികയിലെ വാഗ്ദാനം നിറവേറ്റി. കുടുംബശ്രീ മുഖേന 25 രൂപയ്ക്ക് ഊണ് ലഭ്യമാക്കുമെന്നുള്ള പ്രഖ്യാപനം അഭിനന്ദനാർഹമാണ്. തൊഴിലുറപ്പ്

പദ്ധതി കുടിശ്ശികയും അർഹതപ്പെട്ട ജി.എസ്.ടി. വിഹിതവും അനുവദിക്കാത്ത കേന്ദ്ര സർക്കാർ സമീപനം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. സമൂഹത്തിന്റെ സമസ്തമേഖലയിലുമുണ്ടായിട്ടുള്ള മാറ്റങ്ങൾ അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം.

## VI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ
(ii) 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സെൻസസ് നടപടികൾ ആരംഭിച്ച ഘട്ടത്തിൽ വാർഡ് വിഭജനം നടത്തുന്നത് ആശയക്കുഴപ്പത്തിനിടയാക്കും. 31-12-2019-ന് ശേഷം വാർഡുകളുടെ

അതിർത്തി പുനർനിശ്ചയിക്കരുതെന്ന സെൻസസ് കമ്മീഷണറുടെ ഉത്തരവ് അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച ഓർഡിനൻസ് ഗവർണ്ണർ ഒപ്പിടാതെ തിരിച്ചയച്ചത് പരിശോധിക്കപ്പെടണം. വാർഡ് വിഭജനത്തിലൂടെ 885 പഞ്ചായത്തുകളിലായി 1378 വാർഡുകൾ പുതുതായി സൃഷ്ടിക്കപ്പെടുകയും പുതിയ അംഗങ്ങൾക്ക് പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്ന് ഓണറേറിയം നൽകേണ്ട അവസ്ഥ സംജാതമാകുകയും ചെയ്യും. വർഷാവർഷം പഞ്ചായത്തുകളുടെ വിഹിതം വെട്ടിക്കുറയ്ക്കുന്ന സാഹചര്യത്തിൽ പല പഞ്ചായത്തുകൾക്കും വികസന പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെ പദ്ധതി റിവൈസ് ചെയ്യേണ്ട അവസ്ഥയാണുള്ളത്. വരുന്ന തദ്ദേശഭരണ തെരഞ്ഞെടുപ്പിന് 2015-ലെ വോട്ടർ പട്ടിക ഉപയോഗിക്കാനുള്ള തീരുമാനം ജനാധിപത്യവിരുദ്ധമാണ്. വാർഡ് വിഭജനവും പഴയ വോട്ടർ പട്ടിക ഉപയോഗിക്കാനുള്ള തീരുമാനവും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനെ അട്ടിമറിക്കാനാണ് ലക്ഷ്യമിടുന്നത്.

<u>ശ്രീ. അനിൽ അക്കര</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യുകയും തിരിച്ചറിയൽ കാർഡിന്റെ അടിസ്ഥാനത്തിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് അപേക്ഷ

സമർപ്പിക്കുകയും ചെയ്യുവരെ ഹിയറിംഗിൽനിന്നും ഒഴിവാക്കേണ്ടതാണ്. വാർഡ് വിഭജനത്തിന്റെ കാര്യത്തിൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാൻ സർക്കാർ തയ്യാറാകണം. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള സർക്കാർ നീക്കം ഉപേക്ഷിക്കണം.

ശ്രീ. പി. ഉബൈദുള്ള: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലും കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലും കൊണ്ടുവന്നിട്ടുള്ള ഭേദഗതി നിർദ്ദേശങ്ങൾ 1948-ലെ സെൻസസ് ആക്റ്റിനും ചട്ടങ്ങൾക്കും വിരുദ്ധമാണ്. സെൻസസ് ആരംഭിക്കുന്നതിന് ഒരു വർഷം മുമ്പ് സെൻസസ് യൂണിറ്റുകളുടെ അതിരുകളിൽ മാറ്റം വരുത്തരുതെന്ന ചട്ടം 8(4)-ന് വിരുദ്ധമായി പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികളിലെ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കൊണ്ടുവന്ന ഭേദഗതി നിർദ്ദേശങ്ങൾ തികച്ചും രാഷ്ട്രീയലക്ഷ്യത്തോടെയുള്ളതാണ്. 2015-ലെ വോട്ടർ പട്ടിക അടിസ്ഥാനമാക്കുന്നത് പേരുചേർക്കൽ സങ്കീർണ്ണമാക്കുമെന്നതിനാൽ 2019-ലെ വോട്ടർ പട്ടിക പ്രകാരം തെരഞ്ഞെടുപ്പ് നടത്താൻ തെരഞ്ഞെടുപ്പു കമ്മീഷനിൽ സമ്മർദ്ദം ചെലുത്തണം. മതിയായ ജീവനക്കാരുടെ അഭാവം പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന സാഹചര്യത്തിൽ തനത് ഫണ്ടുപയോഗിച്ച് കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാനുള്ള

അനുമതി പഞ്ചായത്തുകൾക്ക് നൽകണം.

ശ്രീ. ടി. ജെ. വിനോദ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭേദഗതി നിയമ പ്രകാരമുള്ള ഡീലിമിറ്റേഷൻ കഴിയുമ്പോൾ പുതിയതായി രൂപപ്പെടുന്ന വാർഡുകളുടെ അടിസ്ഥാനത്തിൽ വോട്ടർപട്ടിക പുനർവിന്യാസം ചെയ്യേണ്ട സാഹചര്യമുണ്ടാകും. വാർഡ് വിഭജനം സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുമെന്ന പ്രസ്താവന അടിസ്ഥാനരഹിതമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് സ്വതന്ത്രവും സുതാര്യവുമായി നടത്താനുള്ള സാഹചര്യമുറപ്പാക്കണം.

ശ്രീമതി സി. കെ. ആശയ്ക്കുവേണ്ടി ശ്രീ ആർ. രാമചന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമാണ് സർക്കാർ ഈ ഭേദഗതി ബിൽ കൊണ്ടുവന്നത്. വോട്ടർപട്ടിക പുതുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വ്യാപകമായി

നടക്കുകയാണ്. ജനക്ഷേമ പ്രവർത്തനങ്ങളിൽ ഫലപ്രദമായ ഇടപെടലുകളാണ് ത്രിതല പഞ്ചായത്തുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ ജനകീയ മുന്നേറ്റമുണ്ടാകേണ്ടതാവശ്യമാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ജനസംഖ്യാനുപാതികമായി പഞ്ചായത്തുകളുടെ എണ്ണം വർദ്ധിപ്പിക്കാനായി കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ രാഷ്ട്രീയലക്ഷ്യത്തോടെ പ്രതിപക്ഷം എതിർക്കുന്നത് അനുചിതമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കൽ 24.5 ശതമാനമായും പ്ലാൻ എക്സ്പെൻഡിച്ചർ 93 ശതമാനമായും വർദ്ധിപ്പിച്ചതും മാർഗ്ഗരേഖയിൽ മാറ്റങ്ങൾ വരുത്തി പദ്ധതി നിർവ്വഹണത്തിന് അനുകൂലമായ സാഹചര്യമൊരുക്കിയതും സാമ്പത്തികവർഷാരംഭത്തിനുമുൻപ് ആസൂത്രണ പ്രക്രിയ പൂർത്തിയാക്കാൻ കഴിഞ്ഞതും സർക്കാരിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്. പ്രളയാനന്തര പുനർനിർമ്മാണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 1000 കോടി രൂപ അനുവദിച്ചതും കിഫ്ബി വഴിയുള്ള ധനസഹായം ഉറപ്പുവരുത്തുന്നതിന്

ഇംപാക്ട് കേരളയ്ക്ക് തുടക്കം കുറിച്ചതും തദ്ദേശസ്വയംഭരണ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചതും അഭിനന്ദനാർഹമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽദിനങ്ങൾ ഉറപ്പാക്കാനും മാലിന്യസംസ്കരണത്തിന് ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്താനും സർക്കാരിന് സാധിച്ചു.

ശ്രീ. ജി. എസ്. ജയലാൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുൻപുതന്നെ ആസൂത്രണ പ്രക്രിയ പൂർത്തിയാക്കാൻ കഴിഞ്ഞത് പദ്ധതി നിർവ്വഹണത്തിന് കൂടുതൽ സമയം ലഭ്യമാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും സഹായകരമാകും. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും നിരവധി പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. അംഗീകാരം നേടിയെടുക്കാനും സാധിച്ചിട്ടുണ്ട്. വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിഞ്ഞതും തദ്ദേശസ്വയംഭരണ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചതും

പഞ്ചായത്തടിസ്ഥാനത്തിൽ എ.ഇ.-മാരെ നിയമിച്ചതും സർക്കാരിന്റെ പ്രതിബദ്ധതയാണ് വ്യക്തമാക്കുന്നത്. സ്പിൽ ഓവർ വർക്കുകൾ ക്യാരി ഓവർ ചെയ്യുന്നതിനും തരിശ് പ്രദേശങ്ങളുടെ ഡാറ്റ തയ്യാറാക്കുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. കെ. ആൻസലൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വാർഡ്/ഗ്രാമസഭകളിൽ വരുന്ന നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ ഭേദഗതി നിയമ പ്രകാരം സാധിക്കുന്നതാണ്. സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ പദ്ധതിച്ചെലവ് നടത്തുന്നതിന് ഗൈഡ്‌ലൈൻ തയ്യാറാക്കുകയും കെട്ടിട നിർമ്മാണ ചട്ടത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തത് സ്വാഗതാർഹമാണ്. സ്വന്തമായി ഭൂമിയും വീടുമില്ലാത്തവർക്ക് ഫ്ലാറ്റ് നിർമ്മിച്ചുനൽകാനും ജലാശയങ്ങൾ സംരക്ഷിക്കാനും കിണറുകൾ റീചാർജ്ജ് ചെയ്യാനും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും കുടുംബശ്രീയിൽ അംഗങ്ങളാകാനുള്ള സംവിധാനം ഏർപ്പെടുത്താനും

സ്ത്രീശാക്തീകരണത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ആവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകാനും സാധിച്ചു. കൃഷി, ആരോഗ്യം തുടങ്ങി സമസ്ത മേഖലകളിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിക്കൊണ്ട് അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ മാത്രം മാറ്റം വരുത്താനാണ് സെൻസസ് ഡയറക്ടറേറ്റിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. വാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചാലും ജനറൽ പർപ്പസ് ഗ്രാന്റ് കൂട്ടിക്കൊടുക്കുന്നില്ല. ഭേദഗതി നിയമം കേന്ദ്ര നിയമത്തിന് വിരുദ്ധമോ അധികച്ചെലവുണ്ടാക്കുന്നതോ അല്ല. ജനസംഖ്യാനുപാതം പരമാവധി തുല്യതയിൽ വരാവുന്ന രീതിയിലാണ് വാർഡ് വിഭജനം നടത്തുന്നത്. 2015-ൽ ഡാറ്റാബേസ് തയ്യാറാക്കി പുതുക്കിയ വോട്ടർ പട്ടികയാണ് തെരഞ്ഞെടുപ്പ് നടത്താൻ സഹായകമെന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാട്. വോട്ടർ പട്ടികയിൽ 40 ലക്ഷത്തോളമാളുകൾ പേര് ചേർക്കാനുണ്ടെന്നത് അടിസ്ഥാനരഹിതമാണ്. വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ ഓൺലൈനായി രജിസ്റ്റർ ചെയ്തവർക്ക് ഹിയറിംഗിനുള്ള നോട്ടീസ് അപ്പോൾത്തന്നെ നൽകുന്നുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ട്

ചെയ്തവരെ ഹിയറിംഗിൽനിന്ന് ഒഴിവാക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെടുന്നതാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനായി തിരിച്ചറിയൽ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, ആധാർ, പാസ്പോർട്ട്, പാൻ കാർഡ് തുടങ്ങി ഏതെങ്കിലും രേഖകൾ ഹാജരാക്കിയാൽ മതിയെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. വോട്ടർ പട്ടിക പുതുക്കിയതിനുശേഷം ഡീലിമിറ്റേഷൻ കമ്മീഷൻ വാർഡുകൾ വിഭജിക്കുമ്പോൾ നിലവിലുള്ള വീട്ടുനമ്പരുകളിൽ മാറ്റം വരില്ല. വാർഡ് വിഭജനം നിയമപരമായ രീതിയിലാണ് സർക്കാർ നടപ്പാക്കുന്നത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

2-ാം വകുപ്പ്

177, 179, 180, 181, 182, 186, 189, 192, 193, 194, 195, 196, 201, 202, 204, 206, 207, 210, 212, 215, 217, 218, 219, 221, 222, 226, 227, 231, 232, 233, 234, 235, 236, 240, 241, 245, 246, 247, 248, 250, 254, 256 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

103, 107, 108, 110, 112, 114, 115, 116, 120, 123, 125, 135, 136, 137, 139, 140, 142, 146, 147, 148, 151, 152, 154, 157, 158, 160, 161, 166, 167, 169 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 31-നെതിരെ 73 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

2-ാം വകുപ്പ്

153, 155, 158, 159, 163, 164, 166, 168, 171, 173, 175, 176, 178, 181, 183, 186, 188, 189, 191, 193, 194, 195, 197, 199, 201, 203, 205, 206, 209, 211, 212, 213, 215, 217, 218, 220, 224 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

103, 107, 108, 111, 113, 117, 118, 120, 121, 122, 123, 124, 125, 126, 127, 129, 130, 133, 134, 136, 137, 139, 140, 141, 142, 143 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 31-നെതിരെ 73 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബില്ലിന്റെ ഉള്ളടക്കത്തോട് യോജിക്കുന്നു. ചർച്ചകൾ നടത്താതെയും അവധാനതയില്ലാതെയുമാണ് ബിൽ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത്. മൃതദേഹം അടക്കുകയെന്നുള്ളത് മൗലികമായ അവകാശമാണ്. ബിൽ സംബന്ധിച്ചുള്ള ആശങ്കകൾ സബ്ജക്ട് കമ്മിറ്റിയിൽ പരിഹരിച്ചിട്ടുണ്ട്. വിയോജനക്കുറിപ്പ് നൽകിയതിന്റെ പേരിൽ ബില്ലിനെ എതിർക്കുന്നുവെന്ന പേരിൽ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരണം നടത്തുന്നത് ഖേദകരമാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സാമൂഹ്യ മാധ്യമങ്ങളിൽ വ്യാജപ്രചരണം നടത്തുന്നത് ഗൗരവമായി കാണേണ്ടതാണ്.

മി. സ്പീക്കർ: നവമാധ്യമങ്ങളിൽ നടത്തുന്ന വ്യാജപ്രചരണങ്ങൾക്കെതിരെ ജനപ്രതിനിധികൾ ശക്തമായ ഇടപെടൽ നടത്തേണ്ടതാണ്.

ശ്രീ. എം. സ്വരാജ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സഭാതർക്കംമൂലം മലങ്കര ഓർത്തഡോക്സ്-യാക്കാബോയ വിഭാഗങ്ങളിൽപ്പെട്ടവരുടെ മൃതദേഹം യഥാസമയം സംസ്കരിക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണ് ഇത്തരമൊരു നിയമനിർമ്മാണം അനിവാര്യമായത്. ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്ത സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടാൻ സാധിക്കാത്ത അവസ്ഥ ഒഴിവാക്കാനാണ് നിയമനിർമ്മാണത്തിൽ വ്യവസ്ഥ ചെയ്യുന്നത്. സംസ്കാര ശുശ്രൂഷകൾ

പള്ളിയിലോ മറ്റേതെങ്കിലും സ്ഥലത്തുവച്ചോ ആകാമെന്നുള്ള വ്യവസ്ഥയ്ക്ക് നൽകിയിരിക്കുന്ന വിശദീകരണത്തിൽ കൃത്യത വരുത്തുന്നതിന് കോടതി ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുത്തുന്നതാണ് ഉചിതം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2020-ലെ ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

രണ്ട് സഭകൾ തമ്മിലുള്ള പ്രശ്നം പരിഹരിക്കാനായി കേരളത്തിലെ മുഴുവൻ ക്രിസ്ത്യൻ സമൂഹത്തെയും ബാധിക്കുന്ന തരത്തിലുള്ള നിയമനിർമ്മാണത്തിനുപകരം സമവായ ചർച്ചയിലൂടെ പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതായിരുന്നു ഉചിതം. ഇതര ക്രൈസ്തവ വിഭാഗങ്ങൾക്ക് ഈ നിയമം ബാധകമല്ലെന്ന് ഉറപ്പാക്കുകയും നിയമപരമായി ബിൽ നിലനിൽക്കുമോയെന്ന് വ്യക്തത വരുത്തുകയും വേണം. ഇടവക മാറിപ്പോകുന്ന ആളുകൾക്ക് ആ പള്ളിയിൽ മൃതദേഹം അടക്കം ചെയ്യാനുള്ള അവകാശം ഉറപ്പുവരുത്തുകയും മതംമാറിവന്ന വിശ്വാസികളെക്കൂടി പരിഗണിക്കുകയും ചെയ്യണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നുമുള്ള അഭിപ്രായങ്ങളും ആശങ്കകളും ഉൾക്കൊണ്ടുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. മൃതദേഹം അടക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മലങ്കര ഓർത്തഡോക്സ്, പാത്രിയാർക്കീസ് വിഭാഗങ്ങൾ തമ്മിലുള്ള തർക്കം ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും നിരവധി തവണ ചർച്ച നടത്തുകയും പ്രശ്നങ്ങളുണ്ടാകുന്ന ജില്ലയിലെ ബന്ധപ്പെട്ട കളക്ടർമാർ, പോലീസ് സൂപ്രണ്ട് എന്നിവരുടെ നേതൃത്വത്തിൽ സമാധാന ചർച്ചകൾ നടത്തുകയും ചെയ്തുവെങ്കിലും സമവായത്തിലെത്താൻ സാധിക്കാതെ ക്രമസമാധാന പ്രശ്നങ്ങളുണ്ടായപ്പോഴാണ് സർക്കാർ നിയമനിർമ്മാണത്തിന് നിർബന്ധിതമായത്. ബില്ലിന്റെ പ്രാരംഭഘട്ടത്തിൽത്തന്നെ മറ്റ് ക്രിസ്ത്യൻ വിഭാഗങ്ങളെ ഈ നിയമം ബാധിക്കില്ലെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ബില്ലിന്റെ ദീർഘശീർഷകം "2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ് - യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള

അവകാശം ബിൽ" എന്നാക്കി മാറ്റിയത്. വിയോജനക്കുറിപ്പിലെ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. മൃതദേഹം അടക്കം ചെയ്യാൻ സെമിത്തേരിയിലേയ്ക്ക് കൊണ്ടുവരുമ്പോൾ തിരിച്ചയയ്ക്കുന്നതിനെതിരെ സംരക്ഷണം ഉറപ്പുവരുത്തുന്ന കോടതിവിധികളുടെ തുടർച്ചയായി കൊണ്ടുവന്ന ഈ ബിൽ നിയമപരമാണ്. ഇരുവിഭാഗങ്ങളേയും യോജിപ്പിച്ച് കൊണ്ടുപോകാൻ സാധിക്കുമെന്നാണ് ഈ നിയമത്തിന്റെ ഭാഗമായി സൂചിപ്പിക്കാനുള്ളത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

391. (i) ഖണ്ഡം 2 (എ)-ൽ "മൃതദേഹം ജഡമായോ സംസ്കാരപ്രക്രിയയിലൂടെ ചാരമായി മാറ്റിയിട്ടുള്ളതോ

ആയിരുന്നാലും" എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

(ii) ഖണ്ഡം 2 (ബി)-ൽ "എന്നർത്ഥമാകുന്നതും അതിൽ ഉൾപ്പെടുന്നതുമാകുന്നു" എന്നീ വാക്കുകൾക്ക് പകരം "എന്നർത്ഥമാകുന്നു" എന്ന വാക്ക് ചേർക്കുക.

218, 219, 221, 223, 227, 228, 229, 230, 235, 237, 238, 244, 245, 247, 258, 260, 261, 268, 269, 271, 272, 275, 276 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

280, 282, 284, 285, 287, 288, 289, 290, 291, 294, 295, 296, 299, 300, 302, 304, 305, 308, 309, 311, 312, 314, 317, 319, 320, 321, 322, 323, 324, 325, 326, 327, 332, 333, 334, 335, 337 എന്നീ നമ്പർ

ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

335. ഖണ്ഡം 3-ന്റെ വിശദീകരണത്തിൽ "ഉൾപ്പെടുന്നതാകുന്നു" എന്നത് "ഉൾപ്പെടുന്നതും എന്നാൽ ഓർത്തഡോക്സ് - യാക്കോബായ സഭാ വിശ്വാസത്തിൽ നിന്നുമാറി ഇതര ക്രൈസ്തവസഭ വിഭാഗത്തിലോ മറ്റു മതങ്ങളിലോ ചേർന്നു വരുന്നവർ ഉൾപ്പെടാത്തതുമാകുന്നു"എന്നാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

338, 339, 340, 341, 344, 345, 346, 347, 348, 349 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

350, 351 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

392. ഖണ്ഡം 6-ന്റെ വിശദീകരണം ഒഴിവാക്കുക.

352, 353, 354, 355, 356, 357, 358, 359, 360, 361, 362, 363, 364, 365, 366, 367, 368, 369, 371, 372, 373, 374, 375, 377, 378, 380, 381 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

385, 386 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

387-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

115, 116, 117, 119, 121, 123, 132, 135, 139, 140, 141, 146, 147, 149, 151, 152, 153, 156, 157, 161, 162, 163, 165, 167, 168, 170, 172, 173, 174, 176, 177, 178, 179, 180, 182, 183, 185, 187, 189, 192, 195, 197, 212, 213, 215 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

174. ഖണ്ഡം 1(1)-ൽ " 2020-ലെ" എന്നതിനു മുൻപ് " ഈ ആക്റ്റിന്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ ബാലൻ): 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(സഭ വൈകുന്നേരം 6.20-ന് പിരിഞ്ഞു.)